# *എഴുത്തിലെ പദദൂരവ്യവസ്ഥകളും ഭാഷാചാലകതന്ത്രത്തിലെ ചില അവസ്ഥകളും*

(ഭാഗം–2/5)

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* **D.Sc., Ph.D.**

Part-1

http://emalayalee.com/varthaFull.php?newsId=46327

ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ *സ്വാതിതിരുനാൾ* എന്ന കൃതിയിലെ ഒരു ഖണ്ഡികയുദ്ധരിച്ച് പദങ്ങളുടെ വ്യാകരണബന്ധം ചൂണ്ടിക്കാട്ടാം. (ഓർക്കുക, അതിലെ സവിശേഷതകൾ പറയലോ, പ്രമാദപ്രകരണമാക്കലോയല്ല ലക്ഷ്യം. ജീവിച്ചിരിക്കുന്നവരെ പരാമർശിക്കേണ്ടിവരുന്ന ആത്മകഥാകാരന്റെ വ്യഥ ഒഴിവാക്കാനായിരിക്കണം ഷേക്സ്പിയർ മൺമറഞ്ഞവരെ മാത്രം കഥാപാത്രങ്ങളാക്കിയത്. മുഖ്യവിഷയത്തിൽനിന്ന് അകന്നുസഞ്ചരിച്ചുതന്നെ പറയട്ടെ, സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ. നാരായണപിള്ള 1935ൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച *പ്രയോഗദീപിക*യിൽ, ഭാഷാശബ്ദസന്ധി വിസ്തരിക്കവെ, ആശാന്റെ *നളിനി*യിലേയും വള്ളത്തോളിന്റെ *ബന്ധനസ്ഥനായ അനിരുദ്ധനി*ലേയും പ്രമാദങ്ങൾ ചൂണ്ടിക്കാണിച്ചത് അക്കാലത്ത് കോളിളക്കം സൃഷ്ടിച്ചിരിക്കാം). ഉദ്ധരണി ആരംഭിക്കുന്നു (ഈ ഖണ്ഡികയിലെ *പദദൂരം* 1989ലെ പതിപ്പിലെന്നപോലെ):

"പത്തു നാഴിക ഇരുട്ടി ഭൃത്യൻമാർ കൊണ്ടുചെന്ന കുറച്ചു പാൽ മാത്രം കുടിച്ചിട്ട് ഉറങ്ങാൻ തുടങ്ങി. അഞ്ചുനാഴിക വെളുപ്പുള്ളപ്പോൾ ഒരു തവണക്കാരൻ അകത്തേക്ക് എത്തിനോക്കി. തിരുമനസ്സിൽ നിന്ന് തീരെ അനങ്ങാതെ കിടക്കുന്നതു കണ്ട് അയാൾക്കു സംശയം ഉണ്ടായി. അയാൾ മറ്റൊരു തവണക്കാരനെ വിളിച്ചു. അവർക്കു സംശയം പ്രബലമായിത്തീർന്നു. പതുക്കെ അവർ തിരുമനസ്സിലെ അടുത്തു ചെന്നുനോക്കി. കഷ്ടം!, ആ പുണ്യാത്മാവ് ആ തിരുവുടൽ വിട്ടിട്ട് കുറച്ചു നേരം കഴിഞ്ഞിരുന്നു. അവർക്കു താങ്ങാൻ കഴിയാത്ത ദു:ഖം ഉണ്ടായി. അവരിൽ ഒരാൾ ഇളയതമ്പുരാന്റെ കൊട്ടാരത്തിലേക്ക് ഓടിപ്പോയി വിവരം അറിയിച്ചു. അപ്പോൾ കൊട്ടാരത്തിൽ ഉണ്ടായ ദു:ഖവും നിലവിളിയും ഊഹിക്കാൻ വിഷമമില്ലല്ലോ."

ഇതിലെ ഓരോ വാക്കിനുമുള്ള വ്യാകരണത്തിലെ സാങ്കേതികനാമം കണ്ടെത്തുന്നത്, ആ അറിവ് തുടർചർച്ചയിൽ ഉപയോഗിക്കാനാണ്. ഇതെല്ലാം ഓർമ്മയുള്ളവർക്കും അറിയാവുന്നവർക്കും താഴെയുള്ള വിശകലനം വിട്ടുകളയാം.

*ശബ്ദ*ങ്ങളെല്ലാം നാമം, ക്രിയ, വിശേഷണം, ദ്യോതകം (നിപാതവും അവ്യയവും) എന്നീ വിഭാഗങ്ങളിൽപ്പെടുന്നതാണെന്ന് അറിയാമല്ലോ. ഓരോ വിഭാഗത്തിന്റെയും

വകഭേദങ്ങളും വിഭക്തിപ്രത്യയങ്ങളുംകൂടി ഒപ്പം തിരിച്ചറിഞ്ഞാൽ ഈ ലേഖനത്തിൽ പരാമർശിക്കുന്ന വസ്തുതകളുൾക്കൊള്ളാൻ കഴിയും. വ്യാകരണത്തിലെ ഉപവിഭാഗങ്ങൾ ഹൈഫണിട്ട് കാണിച്ചിരിക്കുന്നു. വചനവും ലിംഗവും വിപരീതവും എടുത്തുപറയുന്നില്ല. എല്ലാ ഉപവിഭാഗങ്ങളും ഈ അഭ്യാസത്തിൽ കണ്ടെന്നുവരില്ല. അതുപോലെ, വാക്കുകളുടെ ഉത്ഭവവും തത്ഭവവും തത്സമവും തുടങ്ങി ശബ്ദോൽപത്തിയെക്കുറിച്ച് വ്യാകുലപ്പെടുന്നുമില്ല. പദവ്യാകരണം (**morphology**), ആകാംക്ഷ (**syntax** – പദവിന്യാസവും പദബന്ധവും) തുടങ്ങിയ വ്യാകരണസംബന്ധിയായ സൂക്ഷ്മ അബോദ്ധാരമായി ഇതിനെ കണ്ടാൽമതി.

പത്തു = വിശേഷണം – സാംഖ്യം
നാഴിക = നാമം – മേയനാമം
ഇരുട്ടി = ക്രിയ – പറ്റുവിന (അപൂർണ്ണക്രിയ) – വിനയെച്ചം – മുൻവിനയെച്ചം
ഭൃത്യൻമാർ = നാമം – സാമാന്യനാമം
കൊണ്ടുചെന്ന = ക്രിയ – പറ്റുവിന (അപൂർണ്ണക്രിയ) – പേരെച്ചം – നിർദ്ദേശകം
കുറച്ചു = വിശേഷണം – പാരിമാണികം
പാൽ = നാമം – മേയനാമം
മാത്രം = ദ്യോതകം – ഘടകം
കുടിച്ചിട്ട് = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം
ഉറങ്ങാൻ = ക്രിയ – പറ്റുവിന – വിനയെച്ചം – പിൻവിനയെച്ചം
തുടങ്ങി = ക്രിയ – മുറ്റുവിന (പൂർണ്ണക്രിയ) – നിർദ്ദേശകം – ഭൂതം
അഞ്ചു = വിശേഷണം – സാംഖ്യം
നാഴിക = നാമം – മേയനാമം
വെളുപ്പുള്ളപ്പോൾ = നാമം + ദ്യോതകം – ഘടകം
ഒരു = നാമം – സർവ്വനാമം (വേണമെങ്കിൽ വിശേഷണം – സാംഖ്യം എന്നും വിളിക്കാം)
തവണക്കാരൻ = നാമം – സാമാന്യനാമം
അകത്തേക്ക് = വിഭക്ത്യാഭാസം + ദ്യോതകം – ഗതി
എത്തിനോക്കി = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം + ക്രിയ – മുറ്റുവിന – നിർദ്ദേശകം – ഭൂതം
തിരുമനസ്സിൽ = വിശേഷണം – ശുദ്ധം + നാമം – മേയനാമം + വിഭക്തി – ആധാരിക
നിന്ന് = ദ്യോതകം – ഗതി
തീരെ = വിശേഷണം – ക്രിയാംഗജം
അനങ്ങാതെ = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം
കിടക്കുന്നതു കണ്ട് = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം
അയാൾക്കു = വിശേഷണം – സാർവ്വനാമികം + നാമം – സാമാന്യനാമം + വിഭക്തി – ഉദ്ദേശിക (സർവ്വനമം + ഉദ്ദേശിക എന്ന് മൊത്തത്തിൽ പറയാം)
സംശയം = നാമം – മേയനാമം
ഉണ്ടായി = ക്രിയ – മുറ്റുവിന – നിർദ്ദേശകം – ഭൂതം
അയാൾ = വിശേഷണം – സാർവ്വനാമികം + നാമം – സാമാന്യനാമം
മറ്റൊരു = നാമം – സർവ്വനാമം
തവണക്കാരനെ = നാമം – സാമാന്യനാമം + വിഭക്തി – പ്രതിഗ്രാഹിക
വിളിച്ചു = ക്രിയ – മുറ്റുവിന – നിർദ്ദേശകം – ഭൂതം
അവർക്കു = നാമം – സാമാന്യനാമം + വിഭക്തി – ഉദ്ദേശിക
സംശയം = നാമം – മേയനാമം
പ്രബലമായിത്തീർന്നു = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം + ക്രിയ – ഭൂതം
പതുക്കെ = വിശേണം – ക്രിയാംഗജം
അവർ = നാമം – സാമാന്യനാമം
തിരുമനസ്സിലെ = വിശേഷണം – ശുദ്ധം + നാമം – മേയനാമം + വിഭക്ത്യാഭാസം
അടുത്തു = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം
ചെന്നുനോക്കി = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം + ക്രിയ – ഭൂതം
കഷ്ടം = ദ്യോതകം – വ്യാക്ഷേപകം
ആ = വിശേഷണം – സാർവ്വനാമികം
പുണ്യാത്മാവ് = വിശേഷണം – നാമാംഗജം + നാമം – മേയനാമം
ആ = വിശേഷണം – സാർവ്വനാമികം
തിരുവുടൽ = വിശേഷണം – ശുദ്ധം + നാമം – മേയനാമം
വിട്ടിട്ട് = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം
കുറച്ചു = വിശേഷണം – പാരിമാണികം
നേരം = നാമം – മേയനാമം
കഴിഞ്ഞിരുന്നു = ക്രിയ – പറ്റുവിന – വിനയെച്ചം – മുൻവിനയെച്ചം + ക്രിയ – ഭൂതം

അവർക്കു = നാമം - സർവ്വനാമം + വിഭക്തി - ഉദ്ദേശിക
താങ്ങാൻ = ക്രിയ - പറ്റുവിന - വിനയെച്ചം - പിൻവിനയെച്ചം
കഴിയാത്ത = = ക്രിയ - പറ്റുവിന - പേരെച്ചം - നിർദ്ദേശകം
ദു:ഖം = നാമം - മേയനാമം
ഉണ്ടായി = ക്രിയ - മുറ്റുവിന - നിർദ്ദേശകം - ഭൂതം
അവരിൽ = നാമം - സർവ്വനാമം + വിഭക്തി - ആധാരിക
ഒരാൾ = വിശേഷണം - സാംഖ്യം + നാമം - സർവ്വനാമം
ഇളയതമ്പുരാന്റെ = വിശേഷണം - നാമാംഗജം + നാമം - സാമാന്യനാമം + വിഭക്തി - സംബന്ധിക
കൊട്ടാരത്തിലേക്ക് = നാമം - മേയനാമം + വിഭക്തി - ആധാരിക + ദ്യോതകം - ഗതി
ഓടിപ്പോയി = ക്രിയ - പറ്റുവിന - വിനയെച്ചം - മുൻവിനയെച്ചം + ക്രിയ - ഭൂതം
വിവരം = നാമം - മേയനാമം
അറിയിച്ചു = ക്രിയ - മുറ്റുവിന - നിർദ്ദേശകം - ഭൂതം
അപ്പോൾ (അ + പൊഴുത്) = നാമം - സർവ്വനാമം + നാമം - മേയനാമം
കൊട്ടാരത്തിൽ = നാമം - മേയനാമം + വിഭക്തി - ആധാരിക
ഉണ്ടായ = ക്രിയ - പറ്റുവിന - പേരെച്ചം - നിർദ്ദേശകം - ഭൂതം
ദു:ഖവും = നാമം - മേയനാമം + ദ്യോതകം - ഘടകം
നിലവിളിയും = നാമം - മേയനാമം + ദ്യോതകം - ഘടകം
ഊഹിക്കാൻ = ക്രിയ - പറ്റുവിന - വിനയെച്ചം - പിൻവിനയെച്ചം
വിഷമമില്ലല്ലോ = നാമം - മേയനാമം + ക്രിയ - മുറ്റുവിന - നിർദ്ദേശകം - ഭൂതം + ദ്യോതകം - കേവലം

## ഞാനോർക്കുന്നു, നിങ്ങൾക്കും ഓർക്കാം:

വാക്യാംശങ്ങളായ വാക്കുകൾ തമ്മിലുള്ള വ്യാകരണബന്ധം സ്ഥാപിച്ചു കഴിഞ്ഞതുകൊണ്ട്, നമുക്കിനി എഴുത്തുഭാഷയിൽ വാക്കുകൾ തമ്മിൽ പാലിക്കേണ്ട അകലം സംബന്ധിച്ച നിയമങ്ങൾ, അഥവാ പദദൂരവ്യവസ്ഥകൾ, ഈ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാം - നാമം, ക്രിയ, വിശേഷണം എന്നീ ക്രമത്തിൽ; കൂട്ടത്തിൽ, ദ്യോതകം, വിഭക്തി എന്നിവയും. പഴയ നിയമങ്ങളിലൂന്നി പുതിയ സിദ്ധാന്തങ്ങൾ നിരീക്ഷണവെളിച്ചത്തിൽ വെളിപ്പെടുത്തലും, പിന്തുടരാനുതകുന്ന ചില സാമാന്യനിയമങ്ങൾ അവതരിപ്പിക്കലും ഈ ലേഖനത്തിന്റെ ഉദ്ദേശ്യങ്ങളിലുൾപ്പെടുന്നു. ഒരു ഉദാഹരണം നോക്കുക:

1. "എനിക്ക് ഒരു ധാരണയും ഉണ്ടായിരുന്നില്ല." ഈ വാചകം പല രീതിയിലും എഴുതാം.

2. "എനിക്കൊരു ധാരണയും ഉണ്ടായിരുന്നില്ല."

3. "എനിക്ക് ഒരുധാരണയും ഉണ്ടായിരുന്നില്ല."

4. "എനിക്ക് ഒരു ധാരണയുമുണ്ടായിരുന്നില്ല."

ഇവിടെ "ഒരു" എന്നത് സർവ്വനാമമായാണ് ഉപയോഗിച്ചിരിക്കുന്നത് (ചില അവസരങ്ങളിൽ "ഒരു" എന്നത് വിശേഷണവുമാകാം - സാംഖ്യം; ഉദാ: ഒരു ഡോളർ). ആദ്യത്തെ ഉദാഹരണത്തിൽ കാണിച്ചിരിക്കുന്നപോലെ വിട്ടെഴുതുന്നതാണ് ഉചിതം. 3-ൽ എഴുതിയപോലെ "ഒരുധാരണയും" എന്ന് ചില സന്ദർഭങ്ങളിൽ കൂട്ടിയെഴുതാം— ധാരണയ്ക്ക് ഒരു ഊന്നൽ കൊടുക്കേണ്ട അവസരങ്ങളിൽ. 4-ൽ കാണിച്ചപോലെ "ധാരണയുമുണ്ടായിരുന്നില്ല" എന്ന് കൂട്ടിയെഴുതുന്നതിൽ നിയമപ്രകാരം തെറ്റൊന്നുമില്ലെങ്കിലും, ഈ ലേഖനത്തിൽ നിർദ്ദേശിക്കാൻ പോകുന്നപോലെ,

സന്ധിചെയ്യുന്ന ഉത്തരപദം നീണ്ടതാണെങ്കിൽ വിട്ടെഴുതുന്നതാണ് ഉത്തമം. അപ്പോൾ, സാധാരണഗതിയിൽ ഉദാ–1 ആകുന്നു അനുയോജ്യം.

(തുടരും)